**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **30-08-2022 - ൽ മറുപടിയ്ക്ക്**

**ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2020-21 സാമ്പത്തിക വർഷം നിർമ്മാണത്തിന്ബജറ്റിൽ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായുള്ള സാങ്കേതിക അനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | അക്കാഡമിക് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണത്തിനും, ലൈബ്രറി ബ്ലോക്കിനുമാണ് ഭരണാനുമതി ലഭ്യമായത്. രണ്ടാം നില നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് വരികയാണ്. കൂടാതെ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള രൂപകല്പന പൊതുമരാമത്ത് വകുപ്പ് രൂപകല്പനാ വിഭാഗത്തിൽ നടന്നു വരുന്നു. രൂപകല്പന പൂർത്തിയായ ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ